(സി) ഗുണഭോക്താക്കളുടെ എണ്ണം അനുസരിച്ചാണ് ഓരോ വർഷവും തുക ചെലവഴിക്കപ്പെടുന്നത്. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ഇതിനായി 52,11,79,000 രൂപ വകയിരുത്തിയിട്ടുണ്ട്.

എംപ്ലോയ്മെന്റ് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണം

79 (4135) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ എത്ര ഓഫീസുകൾ ഉണ്ട് ; ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ ഓഫീസുകൾ എത്ര ; ഈ ഓഫീസുകൾ ഏതെല്ലാം ; ഈ ഓഫീസുകളുടെ നിലവിലുള്ള അവസ്ഥ എന്തെന്ന് വ്യക്തമാക്കുമോ ;

(ബി) ഡാറ്റാ എൻട്രി സംബന്ധിച്ച് ഓരോ ഓഫീസിന്റെയും വിശദാംശം വ്യക്തമാക്കുമോ ; ഇത് ചെയ്തു തീർക്കുന്നതിന് സ്വീകരിച്ച നടപടിക്രമങ്ങൾ എന്തെല്ലാം ;

(സി) സോഫ്റ്റ് വെയർ, ഹാർഡ് വെയർ, യു.പി.എസ്, ബാറ്ററി എന്നിവയുടെ തകരാറ് സംബന്ധിച്ച എത്ര പരാതികൾ ഈ വർഷം ലഭിച്ചിട്ടുണ്ട് ; ഇത് പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും എന്തെല്ലാം സംവിധാനങ്ങൾ നിലവിലുണ്ട് ;

(ഡി) ഡയറക്ടറേറ്റിലെ കമ്പ്യൂട്ടർ സെക്ഷനിലെ ഉദ്യോഗസ്ഥർ സബ് ഓഫീസുകൾ പരിശോധിച്ച് നടപടി സ്വീകരിക്കാറുണ്ടോ ; എങ്കിൽ കഴിഞ്ഞ വർഷം എത്ര ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) എംപ്ലോയ്മെന്റ് വകുപ്പിൽ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ 9 ഓഫീസുകളും ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ 29 ഓഫീസുകളുമാണുള്ളത്. ഈ ഓഫീസുകളെ സംബന്ധിക്കുന്ന പട്ടിക അനുബന്ധം I-ൽ കൊടുത്തിരിക്കുന്നു.*

പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ രജിസ്ട്രേഷൻ, റിന്യൂവൽ, സർട്ടിഫിക്കറ്റ് അഡീഷൻ, റീ-എൻട്രി, റീ-രജിസ്ട്രേഷൻ മുതലായ പതിവ് ജോലികൾക്ക് പുറമേ സെലക്ഷൻ, പ്ലേസ്മെന്റ് എന്നീ ജോലികളും കമ്പ്യൂട്ടർ മുഖേന നടത്തിവരുന്നു. ഭാഗികമായി കമ്പ്യൂട്ടർവൽക്കരണം നടത്തിയ ഓഫീസുകളിൽ ഡാറ്റാ എൻട്രി നടത്തിയിട്ടുള്ള റിക്കാർഡുകളിൽ സെലക്ഷൻ, പ്ലേസ്മെന്റ് എന്നിവ ഒഴികെയുള്ള പ്രവർത്തനങ്ങൾ കമ്പ്യൂട്ടർ മുഖേന നടത്തിവരുന്നു.

(ബി) ഡാറ്റാ എൻട്രി സംബന്ധിച്ച വിശദാംശം അനുബന്ധം II-ൽ കൊടുത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അവശേഷിക്കുന്ന ബാക്ക്ലോഗ് ഡാറ്റാ എൻട്രി കുടുംബശ്രീ മുഖേന പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) എട്ട് പരാതികൾ ഈ വർഷം ലഭിച്ചിട്ടുണ്ട്. ഇവ യഥാസമയം പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ഉണ്ടാക്കുന്ന പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹരിക്കുന്നതിനും എ.എം.സി. വ്യവസ്ഥയിൽ ഏജൻസികളെ നിയോഗിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. കഴിഞ്ഞ വർഷം 11 ഓഫീസുകളിൽ പരിശോധന നടത്തിയിട്ടുണ്ട്.

കൊച്ചി എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തവർ

80 (4136) ശ്രീ. സി. എം. ദിനേശ് മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യഥാസമയം രജിസ്ട്രേഷൻ പുതുക്കാത്തതുമൂലം കൊച്ചി എംപ്ലോയ്മെന്റ് ഓഫീസിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എത്രപേർക്ക് കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ സീനിയോറിറ്റി നഷ്ടപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരുടെ സീനിയോറിറ്റി പുനഃസ്ഥാപിച്ചു കിട്ടുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 21204 പേർക്ക്.

(ബി) റദ്ദായ സീനിയോറിറ്റി പുനഃസ്ഥാപിച്ചുനൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്.

കാസർഗോഡ് ജില്ലയിലെ ലേബർ ഓഫീസർമാരുടെ ഒഴിവുകൾ

81 (4137) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ തൊഴിൽ വകുപ്പിന്റെ കീഴിൽ, ലേബർ ഓഫീസർമാർ ഉൾപ്പെടെ എത്ര പേരുടെ ഒഴിവുകളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ ഒഴിവുകൾ എത്ര കാലമായി നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) ഈ ഒഴിവുകൾ എന്നത്തേക്ക് നികത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly